# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. രാജൻ എം.വി)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥലംമാറ്റം, ഹെഡ് ക്ലർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം എന്നിവ നൽകി ഉത്തരവാകുന്നു.

പരാമർശം :
1) സ.ഉ(കൈ) നം. 89/2017/തസ്വഭവ തീയതി 28.04.2017
2) സ.ഉ(പി) നം. 7/2016/ഫിൻ തീയതി 20.01.2016
3) ഈ ഓഫീസിലെ 21.07.2017 ലെ-എ1-5930/2017/സിഇ/തസ്വഭവ നമ്പർ സർക്കുലർ
4) ഈ ഓഫീസിലെ 03.05.2017-ലെ എ1-5930/2017/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
5) ഈ ഓഫീസിലെ 27.12.2018-ലെ എ1-15403/2018/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
6) സ.ഉ(പി) നം. 42/2010/ഉഭപവ തീയതി 20.12.2010
7) 06.01.2020, 12.02.2020 എന്നീ തീയതികളിലെ ഈ കാര്യാലയത്തിലെ ഇ9/1788/19/സിഇ/തസ്വഭവ നമ്പർ സർക്കുലർ

## ഉത്തരവ് നം . എ1-1002/2013/സിഇ/തസ്വഭവ (Vol. III) തീയതി 12.03.2020

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ നിലവിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ചുവടെ പേര് ചേർത്തിട്ടുള്ള ജീവനക്കാരെ, ടിയാളുകളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അവരവരുടെ പേരിനു നേർക്ക് ചേർത്തിട്ടുള്ള കാര്യാലയത്തിൽ ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിൽ ജോലിചെയ്യുന്ന കാര്യാലയം | സ്ഥലം മാറ്റി നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1 | ശ്രീമതി. എം.കെ ജയശ്രീ | എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ ഡിവിഷൻ<br>കോട്ടയം | എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ ഡിവിഷൻ<br>തൃശ്ശൂർ |
| 2 | ശ്രീ. ശശീന്ദ്രൻ ഡി | സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ ഉത്തരമേഖല<br>കോഴിക്കോട് | എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ ഡിവിഷൻ<br>കോട്ടയം |

2020-ലെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുമ്പോൾ ആവശ്യമെങ്കിൽ ഈ ഉത്തരവിൽ ഭേദഗതി വരുത്തുന്നതാണ്.

ഈ വകുപ്പിൽ സേവന കാലയളവ് പൂർത്തിയാക്കി വിരമിച്ച ഒരു ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച ഹെഡ് ക്ലർക്കുമാരുടെ മുൻഗണനാപ്പട്ടികയിലെ സീനിയർമോസ്റ്റായ, കോഴിക്കോട് ജില്ലയിലെ തസ്വഭവ

(മറുപുറം)

സബ്ഡിവിഷൻ കുന്ദമംഗലം ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. മനോജ് പി.കെ-യെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടം ഭാഗം II ചട്ടം 28(a) (i) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ, ₹ 30700-65400/- രൂപ ശമ്പളസ്കെയിലിൽ സ്ഥാനക്കയറ്റം നൽകി കോഴിക്കോട് തദ്ദേശസ്വയംഭരണ ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. പരാമർശം (6) പ്രകാരം ടി തസ്തികയിൽ തുടർച്ചയായ രണ്ടുവർഷ കാലയളവിൽ ഒരു വർഷം പ്രൊബേഷൻ കാലയളവായി നിശ്ചയിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ / ഓഫീസ് മേധാവികൾ ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും, നിയമിക്കപ്പെട്ട ഓഫീസുകളിൽ ജോലിയിൽ പ്രവേശിച്ച വിവരം യഥാകാലം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ് :
1) ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
2) സൂപ്രണ്ടിംഗ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ ഉത്തരമേഖല, കോഴിക്കോട്
3) എക്സി. എഞ്ചിനീയർ, തദ്ദേശസ്വയംഭരണ ഡിവിഷൻ, കോട്ടയം / തൃശ്ശൂർ / കോഴിക്കോട്
4) അസി. എക്സി. എഞ്ചിനീയർ, തദ്ദേശസ്വയംഭരണ സബ് ഡിവിഷൻ, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്
5) സീനിയോരിറ്റി സെൽ, തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ കാര്യാലയം
6) കരുതൽ / സ്റ്റോക്ക് ഫയൽ

P 240